# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.149.

11.02.2013-ൽ മറുപടിക്ക്.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എം.ഹംസ | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിലെ വീഴ്ചകൾ പദ്ധതി നിർവ്വഹണത്തിലുണ്ടാകാതിരിക്കാനുള്ള കരുതൽ നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപപ്പെടുത്തുന്ന പ്രോജക്ടുകൾ മാർഗ്ഗ നിർദ്ദേശങ്ങളക്കനുസൃതമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥൻ പരിശോധിച്ച് അംഗീകാരം കിട്ടുമ്പോൾ തന്നെ നിർവ്വഹണം നടത്താവുന്നതാണ്. കൂടാതെ ട്രഷറിയിൽ ബിൽ സമർപ്പിക്കുമ്പോൾ ഡി.പി.സി അംഗീകാര വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യത്തിൽ അടങ്കൽ തുകയുടെ ഭൂരി ഭാഗവും മാർച്ചിന് മുമ്പായി നിർവഹിക്കാൻ സാധ്യമാകില്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | മുൻവർഷങ്ങളിലെപ്പോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർച്ച് 31 ന് മുമ്പായി നിശ്ചിത ശതമാനം പദ്ധതി പണം ചെലവഴിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതികളുടെ കാലാവധി നീട്ടിക്കൊടുത്ത് ചിട്ടയായ മോണിറ്ററിംഗ് സംവിധാനത്തോടുകൂടി പദ്ധതി നിർവ്വഹിക്കപ്പെടാൻ നടപടി സ്വീകരിക്കുമോ; | (സി) | പദ്ധതി നിർവ്വഹണം നടത്തുന്നതിന് സമയ പരിധി ദീർഘിപ്പിക്കേണ്ട ആവശ്യമുള്ളതായി കരുതുന്നില്ല. |
| (ഡി) | നിർവ്വഹണഘട്ടത്തിലെങ്കിലും പദ്ധതി രേഖ പരിശോധിപ്പിച്ച് അംഗീകരിപ്പിക്കാൻ നടപടി ഉണ്ടാകുമോ? | (ഡി) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രേഖ ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണസമിതി അത് 20 പ്രവൃത്തി ദിവസത്തിനുള്ളിൽ പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്യേണ്ടതാണ്. ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകി കഴിഞ്ഞു. അവശേഷിക്കുന്നവയുടെ പദ്ധതിരേഖ പരിശോധിച്ച് അംഗീകാരം നൽകുന്ന പ്രക്രിയ ഡി.പി.സി.കളുടെ നേതൃത്വത്തിൽ ത്വരിതഗതിയിൽ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ